Peer Reviewed Multidisciplinary Research Journal

ISSN 0976 -2523

# Misbah

niche of knowledge

2023 January - June
Book 21 Volume 21

M.E.S. COLLEGE NEDUMKANDAM

CamScanner

# Contents


Page No.

1. മലയാളം സമഗ്രനിഘണ്ടു : നവീനസാദ്ധ്യതകളും സാഹചര്യങ്ങളും
പ്രൊഫ. ഡോ. വി. ലിസി മാത്യു 1

2. Temples in Kerala : Connecting the dots between Religion, Society and History
Aswathy A., Dr. Reeja P.S. 7

3. Between Exclusion and Inclusion : Representation of Disability in Firdaus Kanga's *Trying to Grow*
Dr. Meera. K.G 15

4. മലയാളകാവ്യപാരമ്പര്യവും നവോത്ഥാനവും
ഡോ. ഡേവിസ് സേവ്യർ 21

5. മാപ്പിളക്കലകൾ – ഇസ്ലാംസംസ്കൃതിയുടെ സൂചകങ്ങൾ
ഡോ. ബ്രിൻസി മാത്യു 27

6. മിഴാവ് – ഭാവപ്രപഞ്ചം തീർക്കുന്ന ധ്വനിപൂർണ്ണിമ
ശ്രീകല പി.കെ. 36

7. The System of Transport and Communication in the Colonial and Post-Colonial Cochin Accelerated the Growth and Development of Economic Activities – A Historical Perspective.
Dr. Dhanya B Nair 43

8. 'ജനഗണമന'യെന്ന സിനിമയിലെ ഭാഷ – സംസ്കൃതിയുടെ വിനിമയം
നയന തോമസ് 48

9. അർത്ഥശാസ്ത്രത്തിലെ വാസ്തുചിന്തകൾ
ഡോ. ലാലു. എസ് കുറുപ്പ് 52

10. മാതൃ-പിതൃബിംബങ്ങൾ ഗിരീഷ് പുത്തഞ്ചേരിയുടെ കവിതകളിൽ
ആരതി വി. നായർ 58

11. Myriad of Memories in TaslimaNasrin's *Wild Wind : My Stormy Youth*
Asha K Nair 64

12. ചരടുപിന്നിക്കളി – ഉല്പത്തിയും വികാസവും
അനീഷ. എസ്. ഇ. 67

13. പാലാ നാരായണൻനായരുടെ പട്ടാളജീവിതവും കാവ്യഭാവനയും
ഡോ. സിബി കുര്യൻ 71

14. ചരിത്രത്തിൽ നിന്ന് ചൈതന്യത്തിലേക്ക് ചായുന്ന വൈലോപ്പിള്ളി കവിത
ഡോ. സജിത്കുമാർ.എസ് 76

15. ഭോഗതൃഷ്ണയും അതിജീവനതന്ത്രവും 'ജൂഡിത്തി'ൽ
ഡോ.ജൂബിൻ മറ്റപ്പള്ളിൽ 81


P.T.O.

CamScanner

# മാപ്പിളക്കലകൾ – ഇസ്ലാംസംസ്കൃതിയുടെ സൂചകങ്ങൾ


സംഗ്രഹം:

കലകളുടെ നാടായി വിശേഷിപ്പിക്കാവുന്ന കേരളത്തിന്റെ കലാപാരമ്പര്യത്തിൽ മുസ്ലീംസമുദായത്തിന്റെ സംഭാവന വിലപ്പെട്ടതാണ്. മാപ്പിളക്കലകളിൽ ഇസ്ലാമിക വിശ്വാസത്തിന്റെയും അറേബ്യൻ നാടോടി ക്കലകളുടെയും കേരളീയ പ്രാദേശികസംസ്കൃതിയുടെയും മിശ്രണം കാണാം. കേരളീയ നാടോടിക്കലകളിൽ അനുഷ്ഠാനകലകളും അനുഷ്ഠാനേതരകലകളുമുണ്ട്. മാപ്പിളക്കലകളിലും ഈ രണ്ടു വിഭാഗത്തിലുള്ള കലാരൂപങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. പ്രാദേശിക സംസ്കൃതിയുടെ സ്വാധീനമുള്ളതും ഭക്തിയുമായി ബന്ധപ്പെട്ടതുമായ അനുഷ്ഠാനകലകൾ മുസ്ലീംസമുദായത്തിലുണ്ട്. മലബാറിലെ മാപ്പിള സംസ്കൃതിയുടെ സൂചകങ്ങളാണ് മാപ്പിളക്കലകൾ എന്നുപറയാം. ഇസ്ലാമിക മൂല്യങ്ങളും ചിന്തകളുമാണ് അവയുടെ ആത്മാവ്. സമ്പുഷ്ടമായ അറബിമലയാളസാഹിത്യത്തിന്റെ സ്വാധീനം മാപ്പിളക്കലകളെ കൂടുതൽ പ്രകാശമാനമാക്കുന്നു. ആത്മീയതയുടെ പ്രഘോഷണമാണ് മാപ്പിളക്കലകളെ ശ്രദ്ധേയമാക്കിയത്. മാപ്പിളക്കലകളിലെ വിശ്വാസം, ആചാരം എന്നിവയുമായി ബന്ധപ്പെട്ട അനുഷ്ഠാനകലാരൂപങ്ങൾ ഭക്തിഭാവത്തോടൊപ്പം പ്രാദേശികസംസ്കൃതിയും ഉൾച്ചേർന്നവയാണ്. മറ്റു പല സമുദായങ്ങളിലും നിലവിലിരിക്കുന്ന പല കലാരൂപങ്ങളും പ്രാദേശിക സാമുദായിക ഭേദം ഉൾക്കൊണ്ട് ചില്ലറ വ്യതിയാനങ്ങളോടെ മാപ്പിളക്കലകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഹൈന്ദവപാരമ്പര്യത്തിൽ ക്ഷേത്രകലകൾ ഉയർന്നുവന്നതുപോലെ ഇസ്ലാംപാരമ്പര്യത്തിൽ 'പള്ളിക്കലകൾ' എന്ന പേരിൽ മാപ്പിളക്കലകൾ അറിയപ്പെടുന്നില്ല. മാപ്പിളക്കലകളുടെ പ്രകടിതരൂപങ്ങളായി അറിയപ്പെടുന്നവയാണ് ഒപ്പന, ദഫ്, അറബന, കോൽക്കളി എന്നിവ. ദഫ്മുട്ട്, അറവാന, കോൽക്കളി, മുട്ടും വിളിയും തുടങ്ങിയ കലാരൂപങ്ങൾ അനുഷ്ഠാനത്തോട് ബന്ധപ്പെട്ടിരിക്കുന്നു. 'മുസ്ലീംസംസ്കാരത്തിന്റെ അമൂല്യശോഭ പകരുന്നവയാണ് അറബിമലയാളത്തിൽ രചിക്കപ്പെട്ട മാപ്പിളപ്പാട്ടുകൾ. മതാചാരങ്ങളും ജീവിതസാഹചര്യങ്ങളും ഗാർഹിക ആഘോഷങ്ങളും വിനോദരീതികളുമെല്ലാം മാപ്പിളക്കലകൾക്ക് സാമൂഹികമാനം പകരുന്നു. സാമുദായിക സമുദ്ധാരണത്തിനും ആത്മീയ കെട്ടുറപ്പിനും സഹായിക്കുന്ന ചാലകശക്തിയായാണ് മുസ്ലീംകലകൾ നിലകൊള്ളുന്നത്. അവ മാപ്പിള സമൂഹത്തിന്റെ ജീവിതതാളം തന്നെയായിരുന്നു. മാപ്പിളത്തനിമയുടെ സൗന്ദര്യവും വിശ്വാസത്തിന്റെ ആഴവും പ്രാദേശികസംസ്കാരത്തിന്റെ ചല



ഡോ. ബ്രിൻസി മാത്യു
അസിസ്റ്റന്റ് പ്രൊഫസർ,
മലയാളവിഭാഗം,
ദേവമാതാ കോളേജ്,
കുറവിലങ്ങാട് – 686633.
Mob : 9446442808
brincytojo@gmail.com

നാത്മകതയും മാപ്പിളകലകളെ ഊർജ്ജസ്വലമാക്കി. സംഗീതത്തിന്റെ താളക്രമമാണ് മിക്ക ക ലാരൂപങ്ങളുടെയും അന്തർധാര.

**താക്കോൽ വാക്കുകൾ:**

മാപ്പിള, അനുഷ്ഠാനകല, മൗലൂദ്, ഇശൽ, ഗുരുക്കൾ

ഏതൊരു നാടിന്റെയും സംസ്കാരവാഹിനിയാണ് പ്രദേശത്തെ കലകൾ. എല്ലാ ക ങ്ങളുടെയും പിറവി പ്രാക്തനജനതയുടെ ആത്മപ്രകാശരൂപേണയുള്ള മാനസികവികാരങ്ങ ന്നായിരുന്നു. കലകളുടെ നാടായി വിശേഷിപ്പിക്കാവുന്ന കേരളത്തിന്റെ കലാപാരമ്പര്യത്തിന് സമുദായത്തിന്റെ സംഭാവന വിലപ്പെട്ടതാണ്. കേരളത്തിന്റെ രാജകൊട്ടാരങ്ങളിലും ദേശീയ ഷങ്ങളിലും മാപ്പിളമാർ കലാപ്രകടനങ്ങൾ നടത്തിയിരുന്നതായി കാണാം. ഇബ്നുബത്തൂത്ത സഞ്ചാരവിവരണത്തിൽ പ്രാചീന മാപ്പിളക്കലകളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. 'കേരളം മ ളികളുടെ മാതൃഭൂമി' എന്ന ഗ്രന്ഥത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് മുസ്ലീമിന്റെ പരിചമുട്ടുകളി കോൽക്കളിയും പരാമർശവിധേയമാക്കിയിട്ടുണ്ട്.

'മാപ്പിള' എന്ന പ്രയോഗത്തിൽ മുസ്ലീം മാപ്പിളയും ക്രിസ്ത്യൻ മാപ്പിളയും ജൂതമാപ്പിള ഉൾപ്പെടുന്നുണ്ട്. മുസ്ലീ മാപ്പിള ജോനക മാപ്പിള എന്നാണ് അറിയപ്പെട്ടിരുന്നത്. അവർ മുസ്ലീം സത്തെ മുറുകെ പിടിച്ചപ്പോഴും കേരളീയസംസ്കാരം കൈവിട്ടില്ല. മാപ്പിളസമൂഹം ഒരു സങ്ക ഹമാണെന്ന് പറയാം. അറേബ്യ, ജറുസലേം, പാലസ്തീൻ, പേർഷ്യ എന്നീ നാടുകളിൽനിന്നു കച്ചവടസംഘംങ്ങളും മതപ്രചാരസംഘങ്ങളുമെല്ലാം ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. അതിനാൽ ക രൂപങ്ങളിലും വ്യത്യസ്തപ്രദേശങ്ങളിലെ കലകളുടെ സ്വാധീനം കാണാം.

മാപ്പിളക്കലകളിൽ ഇസ്ലാമിക വിശ്വാസത്തിന്റെയും അറേബ്യൻ നാടോടിക്കലകളുടെ കേരളീയ പ്രാദേശികസംസ്കൃതിയുടെയും മിശ്രണം കാണാം. കേരളീയ നാടോടിക്കലകളിൽ അനു ഷ്ഠാനകലകളും അനുഷ്ഠാനേതരകലകളുമുണ്ട്. മാപ്പിളക്കലകളിലും ഈ രണ്ടു വിഭാഗത്തിലും കലാരൂപങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. ഭക്തി, ചികിത്സ, മതവിശ്വാസം, ആചാരങ്ങൾ ഇവയുമായി ബന്ധപ്പെട്ട് നടത്തുന്ന അനുഷ്ഠാനങ്ങൾ ഏതെങ്കിലും തരത്തിലുള്ള കലാവിഷ്കാരത്തിന്റെ രൂപം കൈവരിക്കുന്നതാണ് അനുഷ്ഠാനകല. ജീവിതത്തിലെ ഓരോ അനുഷ്ഠാനത്തിലും കലാ അംശം ഉൾച്ചേർന്നിട്ടുണ്ടെന്ന് പറയാം. ഇവയുമായി ഒരു ബന്ധവുമില്ലാതെ വിനോദത്തിനുവേ ജീവിതസാഹചര്യത്തിന്റെ ആഘോഷമോ ഉത്സാഹമോ വികാരങ്ങളോ ഒക്കെ ആവിഷ്കരിക്കുന്ന താണ് അനുഷ്ഠാനേതരകലകൾ. പ്രാദേശിക സംസ്കൃതിയുടെ സ്വാധീനമുള്ളതും ഭക്തിയുമായി ബന്ധപ്പെട്ടതുമായ അനുഷ്ഠാനകലകൾ മുസ്ലീംസമുദായത്തിലുണ്ട്. വടക്കൻ കേരളത്തിന്റെ പ്രാദേ ശികസംസ്കാരമാണ് അവയിൽ മുന്നിട്ടുനിൽക്കുന്നത്. മലബാറിലെ മാപ്പിള സംസ്കൃതിയുടെ ന കങ്ങളാണ് മാപ്പിളക്കലകൾ എന്നുപറയാം. ഇസ്ലാമിക മൂല്യങ്ങളും ചിന്തകളുമാണ് അവയുടെ ആ സമ്പുഷ്ടമായ അറബി മലയാളസാഹിത്യത്തിന്റെ സ്വാധീനം മാപ്പിളക്കലകളെ കൂടുതൽ പ്ര മാനമാക്കുന്നു. ആത്മീയതയുടെ പ്രഘോഷണമാണ് മാപ്പിളക്കലകളെ ശ്രദ്ധേയമാക്കിയത്. "ജ കൾക്കും മതങ്ങൾക്കും അപ്പുറത്തുള്ള പൊതുവായ ഒരു പൗരസമൂഹത്തിന് കേരളത്തിൽ രൂ കൊടുക്കാനുള്ള പരിശ്രമത്തിൽ പരിസരംകൊണ്ട് അടുത്തും പാരമ്പര്യംകൊണ്ട് അകന്നും ക ഞ്ഞിരുന്ന അയൽക്കാരെ കലാനുഭവത്തിലൂടെ അടുപ്പിച്ചുകൊണ്ടുവരുന്നതിൽ മാപ്പിളക്കലകൾ ന മായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്"[1].

മാപ്പിളക്കലകളുടെ പ്രകടിതരൂപങ്ങളായി അറിയപ്പെടുന്നവയാണ് ഒപ്പന, ദഫ്, അറ കോൽക്കളി എന്നിവ. ദഫ്മുട്ട്, അറവാന, കോൽക്കളി മുട്ടും വിളിയും തുടങ്ങിയ കലാരൂപ അനുഷ്ഠാനത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഒപ്പന വിനോദകലയായിട്ടാണ് കരുതപ്പെടുക. കോൽ അനുഷ്ഠാനകലയും വിനോദകലയും ആയി കരുതപ്പെടുന്നു. കേരളത്തിലെ വീരാരാധനയുടെ പൂർവ്വികാരാധനയുടെയും സംസ്കാരം ഈ അനുഷ്ഠാനകലകളിലുണ്ട്.

### 1. കുത്തുറാത്തീബ്

ദഫ്മുട്ടിന്റെ താളത്തിനൊത്ത് ദൈവമന്ത്രോച്ചാരണം നടത്തി ഭക്തിയുടെ നിറവി ക്കുന്ന ഒരു മുസ്ലീം അനുഷ്ഠാനകലാരൂപമാണ് കുത്തുറാത്തീബ്. ഈ അനുഷ്ഠാനത്തിന്റെ സാനം തലയിൽ ആണിതറയ്ക്കുക, വാരിയെല്ലിൽ കത്തി കുത്തിയിറക്കുക, ശരീരത്തിൽ ഉണ്ടാക്കുക തുടങ്ങിയവ ചെയ്യാറുണ്ട്. റാത്തീബ് അവസാനിക്കുമ്പോൾ മുറിവുകൾ പൂർവ്വ



CamScanner

യിലാകും എന്നാണ് വിശ്വാസം. ഷിയാ മുസ്ലീങ്ങളുടെ മതാനുഷ്ഠാനമായി കരുതുന്ന ഈ കലാരൂപം വീടിന്റെ ഐശ്വര്യത്തിനുവേണ്ടിയും വസൂരിരോഗത്തെ ചെറുക്കാൻ വേണ്ടിയുമാണ് അവതരിപ്പിച്ചിരുന്നത്.

കുത്തുറാത്തീബിനായി നിർദ്ദിഷ്ട സ്ഥലത്ത് കിഴക്കുപടിഞ്ഞാറായി പ്രത്യേക പന്തലൊരുക്കുന്നു. റാത്തീബ് പാട്ടുസംഘം പടിഞ്ഞാറ് അഭിമുഖമായി ഇരുന്ന് ജവാബ് (ആദ്യ രണ്ടുവരി) ഉരുവിടുകയും അറവനമുട്ടിന്റെയോ ദഫ്മുട്ടിന്റെയോ ആദിതാളപശ്ചാത്തലത്തിൽ പ്രവാചകനെയും അനുയായികളെയും പുകഴ്ത്തുന്ന ദിക്റുകൾ അഥവാ ദൈവസ്തുതിഗീതങ്ങൾ ചൊല്ലുകയും ചെയ്യുന്നതോടെയാണ് കുത്തുറാത്തീബ് ചടങ്ങുകൾ ആരംഭിക്കുക. അള്ളാഹുവിനെയും മുഹമ്മദ് നബിയെയും രിഫാഉഹൻ ശൈയ്ഖിനെയും സ്തുതിച്ചുകൊണ്ടുള്ള ഗീതങ്ങളുടെ ആലാപത്തിനൊത്തു പന്ത്രണ്ടോ അതിൽ കൂടുതലോ ആളുകൾ രണ്ടുവരിയായി നിന്നും ഇരുന്നും ദഫ് മുട്ടുന്നു. ബൈയ്ത്തിന്റെയും ദഫ്മുട്ടിന്റെയും മുറുക്കം കൂടുന്ന മുറയ്ക്ക് ദബ്ബൂസ്, കട്ടാരം, വാൾ തുടങ്ങിയ ആയുധങ്ങൾ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രയോഗിക്കുന്നു. ദൈവസ്തുതികൾ ഉയരുമ്പോൾ അവിടെ മൺമറഞ്ഞ ശൈഖിന്റെ സാന്നിധ്യം ഉണ്ടാകുന്നതായി കരുതപ്പെടുന്നു. ഇതാണ് 'ഹാളിറാവുക'. കുത്തുറാത്തീബിൽ അനുഷ്ഠാനങ്ങൾക്ക് വേദന അനുഭവപ്പെടാത്തതിന്റെയും ചികിത്സ കൂടാതെ മുറവുണങ്ങുന്നതിന്റെയും കാരണം 'ഹളറാത്ത്' ആണെന്ന് വിശ്വസിക്കപ്പെടുന്നു.

'അശ്റക്കൽ ബദറൂ അലൈനാ
ഫന്ത്തഫത്ത് മിൽഹുൽബുദൂറു
മിസ്ല മുസ്നിക്ക മാര ഹൈന
കത്തുയാ വജ് ഹസുദൂറി'

എന്ന ബൈത്തോടുകൂടിയാണ് ആയുധപ്പണി തുടങ്ങുക. ദബ്ബൂസ് എന്ന ആയുധമാണ് ആദ്യം പ്രയോഗിക്കുക.

**2. മൗലൂദ്**

ഹിജ്റ കലണ്ടറിലെ റബ്ബീ ഉൽ അവ്വൽ എന്ന മാസത്തിൽ നടത്തപ്പെടുന്ന മൗലൂദ് എന്ന അനുഷ്ഠാനത്തിൽ നബിയുടെ പിറവിയും മഹത്വവും വ്യക്തിത്വത്തിന്റെ വളർച്ചയും കൊണ്ടാടപ്പെടുന്നു. ഇതിൽ അറബിഗീതങ്ങൾ മാത്രമേയുള്ളൂ. ആവാഹനം എന്ന അനുഷ്ഠാനം കേരളത്തിൽ നടത്തപ്പെടുന്ന മൗലൂദിൽ കാണപ്പെടുന്നില്ല.

**3. അറവനക്കളി**

അറേബ്യയിൽ രൂപംകൊള്ളുകയും കേരളീയ മുസ്ലീം സംസ്കൃതിയിലേക്ക് പടരുകയും ചെയ്ത ഒരു വൈദേശിക കലാരൂപമായി അറവനക്കളിയെ കാണാം. അറബന (അറവന) എന്ന വാദ്യോപകരണം ഉപയോഗിച്ചുകൊണ്ടുള്ള കളിയായതുകൊണ്ടാണ് അറബനക്കളി എന്ന പേരുലഭിച്ചത്. റംസാൻ തുടങ്ങിയ വിശേഷാവസരങ്ങളിൽ അറബന മുട്ടിക്കൊണ്ട് കളിക്കാർ മുസ്ലീംഗൃഹങ്ങളിൽ കയറിയിറങ്ങുന്നു. ദഫിനേക്കാൾ കൂടുതൽ വ്യാസമുള്ളതും ചുറ്റിനും ചിലമ്പുകൾ ഘടിപ്പിച്ചതും ആട്ടിൻതോൽ ഉപയോഗിച്ച് നിർമ്മിച്ചതുമായ വാദ്യോപകരണമാണ് അറബന. ബൈത്തോടുകൂടിയാണ് അറബനക്കളി ആരംഭിക്കുക. നേതാവ് പാടുന്നു, മറ്റുള്ളവർ ഏറ്റുപാടുന്നു. ദ്രുതഗതിയിലുള്ള താളചലനങ്ങളാണ് അറബനമുട്ടിലുള്ളത്. കേരളീയ പശ്ചാത്തലത്തിൽനിന്നും വികാസം പ്രാപിച്ച ഒരു കലാരൂപമായി ഇതിനെ കാണാം. ചില ഉറൂസുകളിൽ അറബനമുട്ട് ഒരു ആചാരമാണ്. കുത്ത്റാത്തീബ് ചടങ്ങുകൾ അറബനമുട്ടിയാണ് നടക്കുന്നത്. വസൂരിപോലുള്ള മാറാവ്യാധികളുണ്ടായാൽ അറബന മുട്ടി ആശ്വസിച്ചിരുന്നു.

**4. കമ്പടിക്കളി**

മലബാറിലെ മുസ്ലീംങ്ങൾക്കും ഹരിജനങ്ങൾക്കും ഇടയിൽ പ്രചാരിത്തിലിരിക്കുന്ന ഒരു വിനോദമാണ് കമ്പടിക്കളി. കമ്പുകളുപയോഗിച്ച് കളിക്കുന്ന ഒരുതരം കളിയാണിത്. കനം കുറഞ്ഞതും നീളം കൂടിയതുമായ കമ്പുകളുടെ അറ്റത്തുമണികെട്ടി കൈയിൽ പിടിച്ച് ആളുകൾ അന്യോന്യം അടിച്ചു പാട്ടുപാടി ചുവടുവയ്ക്കുന്നു.

**5. കൈമുട്ടുകളി**

ദഹും അറബനയും ഉപയോഗിച്ചു മണിമുട്ടി നടത്തുന്ന കൈമുട്ടുകളി ഒരു വിനോ... ണ്. ചുരുങ്ങിയത് ആറുപേർവീതം അഭിമുഖമായിരുന്ന് ബൈത്തുകൾ ചൊല്ലിയാണ് ന... ത്തുന്നത്.

**6. കൊയ്മേ കൊയ്കളി**

മുസ്ലീംസമുദായങ്ങൾക്കിടയിൽ നിലനില്ക്കുന്ന ഒരു സംഘനൃത്തമാണ് കൊയ്ക... ളി. കൈയടിച്ചുകൊണ്ടും പാട്ടുകൾ പാടിക്കൊണ്ടുമാണ് ഈ കളി നടത്തുന്നത്. വീര... യുദ്ധവർണ്ണനകളുമാണ് പാട്ടുകളിലെ പ്രമേയം.

**7. പള്ളിക്കൊട്ട്/മുട്ടും വിളിയും**

മുസ്ലീംസമുദായത്തിന്റെ ഒരു വിനോദമാണിത്. മാപ്പിള ഷഹനായി എന്നുവിശേഷ... വുന്ന ഒരു പ്രത്യേകതരം കുഴലിലൂടെ സംഗീതസ്വരം പുറപ്പെടുവിച്ചു താളമാളങ്ങളോടെ ന... ഈ പ്രകടനം 'മുട്ടുവിളിയും' എന്ന പേരിലും അറിയപ്പെടുന്നു. പള്ളിക്കൊട്ട്, അലോൻമാ... പേരുകളിൽ അറിയപ്പെടുന്ന ഈ വാദ്യം നാഗസ്വരത്തിന്റെ മറ്റൊരു രൂപമാണ്. നേർച്ചപ്പിരിവ... ഈ സംഘം പങ്കുചേരുന്നു സംഘത്തിലുള്ളവർ ഒന്നിച്ച് കുഴൽവിളികളും പാട്ടുകളുമായി മു... നീങ്ങുന്നതാണ് ഈ വിനോദത്തിന്റെ രീതി. ചീനി എന്നറിയപ്പെടുന്ന കുഴലിനോടൊപ്പം ... റിയപ്പെടുന്ന ചെറിയ ചെണ്ടയും ഉപയോഗിച്ച് മൂന്നുപേരാണ് ഈ കലാപ്രകടനം നടത്തുന്ന... യാളത്തിലുള്ള മാപ്പിളപ്പാട്ടിന്റെ ഈണങ്ങളാണ് ചീനിക്കുഴലിലൂടെ വായിക്കുന്നത്. തുക... ങ്ങൾ ഇതിന് അകമ്പടിചൊല്ലുന്നു. കേരളത്തിലെ പഞ്ചവാദ്യത്തിന്റെ സമാന്തരകല എന്ന ... ഷണം ഈ കലാരൂപത്തിന് നൽകാറുണ്ട്.

**8. ദഫ്മുട്ട്**

ദഫ്മുട്ട് ഒരു വൈദേശിക കലയാണെന്ന് പറയാം. അറബിനാട്ടിൽനിന്നും വന്ന ഒരു വാ... പകരണമാണ് ദഫ്. ദപ്പ്, തപ്പ്, തപ്പിട്ട എന്നിങ്ങനെ പലപേരുകളിലും ഈ വാദ്യോപകരണം ... യപ്പെടുന്നു. നബി മദീനയിൽ പ്രവേശിച്ചപ്പോൾ പെൺകുട്ടികൾ ദഫ്മുട്ടിപ്പാടി സ്വീകരിച്ചു... ഒരു പെരുന്നാൾ ദിവസം നബിയുടെ സമീപമിരുന്ന രണ്ടു പെൺകുട്ടികൾ ദഫ്മുട്ടി പാട്ടുപ... തായും മറ്റും രേഖകളുണ്ട്. ദഫ് ഉപയോഗിച്ചുള്ള കളികൾ ദഫ്കളി എന്നറിയപ്പെടുന്നു. ... ത്തിൽ ഈ കളി പ്രചാരത്തിൽവന്നത് മലയായിൽനിന്ന് വന്നവർ മുഖേനയാണെന്ന് പറ... ന്നു. കേരളത്തിൽ റാത്തീബുകൾക്കും മറ്റും ഈ വാദ്യോപകരണങ്ങൾ പ്രധാനമായി ഉപയോ... വന്നിരുന്നു. അറബിഗീതങ്ങൾ മാത്രമല്ല, മലയാളത്തിലുള്ള ഗീതങ്ങളും ഉപയോഗിച്ചുവരുന്നു.

**9. റമ്മുകളി/റമ്മടി**

ഭീമാകാരമായ ട്രമ്മുകളുപയോഗിച്ച് നടത്തുന്ന ഒരു കലാപ്രകടനമാണിത്. റമ്മുകളി... പൂർണ്ണസംഘത്തിൽ 24 പേർ ഉണ്ടാവും. കൂർക്കനാട്, കോഴിക്കോട് തുടങ്ങിയ ഭാഗങ്ങളിൽ ... മാർ ഈ പ്രകടനം നടത്തിവരുന്നു.

**10. വേദക്കളി**

തിരുവിതാംകൂർ മുസ്ലീങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന കലാവിനോദമാണ് ... ക്കളി. ഒരാൾ പാടുമ്പോൾ മറ്റേയാൾ ഏറ്റുപാടുന്നു. തലയിൽ ചുവപ്പുതുണികൊണ്ട് കെട്ടി കാ... ചിലമ്പും കൈയിൽ അമ്പും വാളുമേന്തിയാണ് വേദക്കളി നടത്തുന്നത്. ചെണ്ടയും കൈമ... മാണ് പിന്നണിവാദ്യങ്ങൾ.

**11. പുലിക്കളി**

മുസ്ലീം സമുദായത്തിൽ പഞ്ചയെടുക്കൽ എന്ന ആഘോഷത്തോടനുബന്ധിച്ച് കളിച്ചി... കളിയാണ് പുലിക്കളി. മുസ്ലീംങ്ങൾക്കൊപ്പം ചെട്ടയങ്ങായിലെ ചെട്ടിയാന്മാരായിരുന്നു ഇതിൽ ... ചേർന്നിരുന്നത്. എന്നാൽ പഞ്ചയെടുക്കൽ ആഘോഷം നിരോധിച്ചതിനെത്തുടർന്ന് പുലി... ഓണാഘോഷത്തോടനുബന്ധിച്ചായി.

**12. കോൽക്കളി**

കേരളത്തിന്റെ നാടൻകലകളിലൊന്നായ കോൽക്കളിയും ആകർഷകമാക്കിയതിൽ ഒരു പ്രധാന പങ്ക് മാപ്പിളമാർക്കുണ്ട്. കോലുകളി, കോലടിക്കളി, കോലടി, വെട്ടും തടവ് എന്നീ പലപേരുകളിലും ഇത് മറ്റ് സമുദായക്കാർക്കിടയിൽ പല രൂപങ്ങളിൽ നടക്കുന്നുണ്ട്. ഭക്തിനിർഭരമായ പ്രാർത്ഥനാഗാനത്തോടുകൂടിയാണ് മാപ്പിള കോൽക്കളി ആരംഭിക്കുക.

"അല്ലാഹുവെ സ്തുതിത്തതിൽപ്പിന്നെ
ഗുരുനാഥരെ, കോലഭ്യാസപ്പയറ്റിതാ
പയറ്റുന്നു ഞങ്ങൾ,
കളിപ്പാൻ തുടങ്ങുന്നു ഞങ്ങൾ"[2] എന്നാണ് പ്രാർത്ഥന.

ആദ്യം ഒറ്റ മിനിക്കളി പിന്നെ ഒറ്റ മിനിക്കളി ഒന്ന്, രണ്ട്, മൂന്ന് ഒയിച്ചളി മുട്ട് ഒന്ന്, രണ്ട്, മൂന്ന് വലിയ ഒയിച്ചടിമുട്ട്, വെസൽ ഒയിച്ചളിമുട്ട്, ചെറിയ കബാത്ത്, വലിയ കബാത്ത്, ഇരുന്നു മിനിക്കളി എന്നിങ്ങനെ ഹരംപിടിപ്പിക്കുന്ന കളികളാണുള്ളത്. രണ്ട് കൈയ്യിലും ഒരടി നീളമുള്ള കോലും പിടിച്ചുകൊണ്ടാണ് നർത്തകർ വട്ടത്തിൽ ചുറ്റിക്കളിക്കുന്നത്. കോലുകൾക്ക് ഏകദേശം ഒന്നരയടി നീളമുണ്ടായിരിക്കും. കോലുകളിൽ ചെറിയ ചിലങ്കയോ മണിയോ കോർത്തിട്ടിരിക്കും. എട്ട്, പത്ത്, പന്ത്രണ്ട് എന്നിങ്ങനെയുള്ള ഇരട്ട സംഖ്യകൾ വരുന്ന എണ്ണം കഥാകാരന്മാരാണ് ഇതിൽ പങ്കെടുക്കുക. ഒരാൾ പാടുമ്പോൾ മുറ്റുള്ളവർ ഏറ്റുപാടുന്നു. കോലിന്റെ ചേർന്നുള്ള അടി സൃഷ്ടിക്കുന്ന വാദ്യത്തിന്റെ അകമ്പടിയോടെ വലത്തേക്കും ഇടത്തേക്കും പിന്നിലേക്കും തിരിഞ്ഞും കുനിഞ്ഞും കറങ്ങിയും തെറിച്ചും ചെയ്യുന്ന ദ്രുതനൃത്തംതന്നെയാണ് കോൽക്കളി.

മലബാറിലെ മാപ്പിളമാർക്കിടയിലുള്ള കോൽക്കളി പൂർണ്ണമായും വിനോദപരമാണ്. കണ്ണൂരിലെ അറക്കൽ രാജാവിന്റെ സ്ഥാനാരോഹണചടങ്ങിന് മാറ്റുകൂട്ടാൻ വേണ്ടി പൈതൽ മരക്കാൻ എന്ന ഒരു കടൽത്തൊഴിലാളി രൂപം കൊടുത്തതാണ് മാപ്പിള കോൽക്കളി എന്നാണ് ഐതിഹ്യം. കള്ളിമുണ്ട്, തലേക്കെട്ട്, ബെനിയൻ എന്നിവയാണ് കോൽക്കളിയിലെ മാപ്പിളമാരുടെ വേഷവിധാനം. മോയിൽകുട്ടി വൈദ്യരുടേതുൾപ്പെടെയുള്ള മാപ്പിളപ്പാട്ടുകളാണ് ഈ കോൽക്കളിക്ക് ഉപയോഗിക്കുന്നത്. കണ്ണൂർ ഭാഗത്തെ മാപ്പിളക്കോൽക്കളിയിലെ പ്രധാനപ്പെട്ട ശൈലി വൈമലക്കൂത്ത് എന്നറിയപ്പെടുന്നു. ഒപ്പനക്കളി എന്ന പേരിൽ മറ്റൊരു കളികൂടി പൈതൽ മരക്കാർ ചിട്ടപ്പെടുത്തിയതായി പറയപ്പെടുന്നു. അതിന്റെ പാട്ട് രചിച്ചത് മോയിൻകുട്ടി വൈദ്യരായിരുന്നു. അലികുരിക്കൾ, കാലനാശാൻ, തിക്കോടി മമ്മു മിനിക്കളി മമ്മു കോക്കൂര് അബൂബക്കർ, ആലങ്ങോട്ടു മമ്മു, മമ്മതുകുട്ടി, പൈതൽ മരക്കാർ തുടങ്ങിയവർ പ്രശസ്ത കോൽക്കളി കലാകാരന്മാരായിരുന്നു.

**13. ഒപ്പന**

മാപ്പിളപ്പാട്ടുകളെ ചൈതന്യവത്താക്കുന്ന മാപ്പിള കലാസംസ്കാരത്തിന്റെ സമ്പത്തായ കലാരൂപമാണ് ഒപ്പന. "വിവാഹം, മാർക്കകല്യാണം, വയസ്സറിയിക്കൽ, നാൽപതുകുളി തുടങ്ങിയ ആഘോഷങ്ങൾക്കു നിറപ്പകിട്ടേകുന്ന പ്രകടനമാണ് ഒപ്പന"[3] മാപ്പിളസ്ത്രീകളുടെ പാരമ്പര്യകലാരൂപമായി ഒപ്പന മാത്രമാണ് കരുതപ്പെടുക.

'ഹഫ്ന' എന്ന അറബി വാക്കിൽനിന്നാണ് 'ഒപ്പന'യെന്ന പദത്തിന്റെ നിഷ്പത്തി. 'രണ്ടു കൈകളും നീട്ടിപ്പിടിച്ച് കൈപ്പടങ്ങൾ ചേർത്തുവയ്ക്കുക' എന്നാണ് ഈ പദത്തിന്റെ അർത്ഥം. ഒപ്പന എന്ന വാക്കിന് അലങ്കാരം എന്നും അർത്ഥം പറയാറുണ്ട്. മാപ്പിളപ്പാട്ടുസാഹിത്യത്തിലെ ഒരു ഇശലിന്റെ പേരും ഒപ്പനയെന്നാണ്. ഈ ഇശലുകൾ ഉപയോഗിച്ചുകൊണ്ടുള്ള കളിയായതിനാലാണ് ഒപ്പന എന്ന പേരുലഭിച്ചതെന്ന് അഭിപ്രായമുണ്ട്. ഒപ്പന ഇശലിന് ഒപ്പന ചായൽ, ഒപ്പന മുറുക്കം എന്നീ രീതിഭേദങ്ങൾ ഉണ്ട്. അയഞ്ഞ കളി ഒപ്പന ചായലും ദ്രുതകളി ഒപ്പന മുറുക്കവും.

ഒപ്പന മുസ്ലീംസ്ത്രീകളുടെ കൈകൊട്ടിക്കളിയാണ്. പെൺകുട്ടികളും മുതിർന്നവരും ഇതിൽ പങ്കെടുക്കുന്നു. പത്തോ പതിനഞ്ചോ സ്ത്രീകൾ നൃത്തസംഘത്തിലുണ്ടാവും. ഇവർ പാട്ടുകാരത്തികൾ എന്നറിയപ്പെടുന്നു. മുൻപാട്ടുകാരത്തി പാടിക്കൊടുക്കുന്നു. മറ്റുള്ളവർ താളനിബദ്ധമായി കൈക്കൊട്ടിക്കൊണ്ട് ക്രമാനുഗതമായ ചുവടുവയ്പുകളോടെ ഏറ്റുപാടുന്നു. മണവാട്ടിയുടെ കൈകളിൽ മൈലാഞ്ചിയിടുന്ന സന്ദർഭത്തിൽ കളിക്കുന്ന ഒപ്പനക്ക് മൈലാഞ്ചി ഒപ്പന എന്ന പേരുണ്ട്. മണവാട്ടിയെ അണിയിച്ചൊരുക്കി തോഴിമാരും മറ്റു സ്ത്രീകളും ചേർന്ന് കല്യാണപ്പന്തലിലേക്ക് ആനയിക്കുന്നു. അവിടെ ഒരു പീഠത്തിൽ മണവാട്ടിയെ ഇരുത്തുന്നു. തുടർന്ന് തോഴിമാർ പാട്ടുപാടി കാകൊട്ടിക്കളിക്കുന്നു. കളിക്കുന്നവർ തന്നെയാണ് പാട്ടുപാടുന്നത്. ചായൽ, ചായൽ മുറുക്കം, വീണ്ടും ചായൽ മുറുക്കം, ഒപ്പനമുറുക്കം എന്ന ക്രമത്തിലാണ് പാടുന്നത്. കല്യാണാവസരങ്ങ



CamScanner

ളിൽ പ്രേമപ്രധാനമായ പാട്ടുകളാണ് പാടുന്നത്. മണവാട്ടിയുടെ വേഷം കല്യാണ... തന്നെയാണ്. മഞ്ഞപ്പട്ടിന്റെ തുണി, സൂയിലുകൊണ്ടുള്ള പെൺകുപ്പായം, കറുപ്പ്... കളിൽ ചുവപ്പുനിറത്തിലുള്ള സിൽക്കിന്റേയോ പട്ടിന്റേയോ വലിപ്പത്തിലുള്ള ... ല, സുൽസേരി വള, മുറി ഏലസ്, പൊരള്ളമണി, എലക്കത്താലി, പൊന്നേലസ്സ്, ... കടകം, തള, തോട, മൂക്കുത്തി, ചിറ്റ് തുടങ്ങിയ ആഭരണങ്ങളുമണിഞ്ഞ് അത്തറും ... ചെരിപ്പും ധരിച്ചുകൊണ്ടാണ് പഴയകാലത്തെ മണവാട്ടിവേഷം. ഒപ്പനയിൽ കളിക്കാ... ക്കുന്ന സ്ത്രീകൾ മലബാറിലെ പരമ്പരാഗത, മുസ്ലീം സ്ത്രീവേഷമാണ് അണിയാറ്... ത്തുണിയും വെള്ളക്കുപ്പായവും ധരിച്ച് പടിയരഞ്ഞാണവും കെട്ടി തലയിൽ വെള്ള ... തട്ടവുമിട്ട് കളിക്കാർ എത്തുന്നു. കരിമഷികൊണ്ട് പുരികവും കണ്ണുമെഴുതും. ഇതാണ് ... ക്കാരുടെ വേഷം. സാധാരണ ഒപ്പനയ്ക്ക് വാദ്യങ്ങൾ ഉപയോഗിക്കാറില്ല. ചിലയിടങ്ങളിൽ ... ത്താളം' ഉപയോഗിക്കാറുണ്ട്. കേരളത്തിലെ തിരുവാതിരക്കളിയിൽനിന്നാണ് ഒപ്പന രൂപം... ഒരഭിപ്രായവും നിലവിലുണ്ട്. ഒപ്പന സ്ത്രീകളുടെ കളിയായി കരുതുന്നുവെങ്കിലും പു... ആകർഷകമായി അവതരിപ്പിക്കാറുണ്ട്.

വിവിധ അവസരങ്ങളിൽ ഉപയോഗിക്കുന്ന ഒപ്പനപ്പാട്ടുകൾക്ക് ഉദാഹരണങ്ങൾ ... ചേർക്കുന്നു. കല്യാണ ഒപ്പനയിൽ പുതുമണവാട്ടി മണവാളന്റെ വീട്ടിലേക്ക് കയറുന്ന ... പ്പാട്ടിൽ

"പുതുപുതു നാരിയിതാവരുന്നേ
പൊന്നാര നാരിയിതാവരുന്നേ
പുതുപുതു നാരീം വന്നോട്ടേ...
പൊന്നാരനാരീം വന്നോട്ടെ...
പുതുപുതു നാരി പന്തൽ കേറുന്നേ...
പുതു പുതുനാരി പന്തൽ കേറിക്കോട്ടേ... '[4]

പുരുഷന്മാരുടെ ഒപ്പനയിൽ മണവാളൻ മണിയറ പൂകുമ്പോൾ പുരുഷന്മാർ പാടുന്നത് ഇ... മാണ്.

"സാരമേറിയ മംഗലത്തിൻ
ആരംഭമണിമാരനെന്നെ
താമരക്കണ്ണും മുഖോമെൻ
ഓമനപുതുമാരനെന്നെ..."[5]

മാർക്കക്കല്യാണത്തിലെ കൊച്ചുമണവാളൻമാരുടെ വേദനയകറ്റുന്ന വരികൾ താഴെ പറയും ... രമാണ്.

"പുണ്ണനും പുണ്ണനും പള്ളിക്കുപോയി
പള്ളിപ്പടിതട്ടി പുണ്ണും തങ്ങി"[6]

### 14. മാപ്പിളക്കളരികൾ

ആയോധനകലയായ കളരി ഒരു പ്രസ്ഥാനമായി വളർത്തിയതിൽ മാപ്പിളമാർക്ക് ... ധാന പങ്കുണ്ട്. ശ്രി. പി. എ. സെയ്തു മുഹമ്മദിന്റെ അഭിപ്രായപ്രകാരം ഉത്തരത്തുള്ള ... കർണ്ണാട്ടിക്ക് നവാബുമാരുടെ 'ഗുരുക്കൾ' എന്ന സൈനികർ ഖുറാസാനിലേയും ഡമാസ്കസിലേ... യോദ്ധാക്കൾ ധരിക്കുന്ന കളരി ആയുധങ്ങളും മറ്റും ഉപയോഗത്തിൽ വരുത്തുകയും അവ... പ്രാബല്യം കേരളത്തിൽ ഉണ്ടാവുകയും ചെയ്തത് കേരളത്തിൽ കളരി ഒരു പ്രസ്ഥാനമായി വ... ന്നതിന് കാരണമായി. എ.ഡി. പതിനൊന്നാംനൂറ്റാണ്ടിൽ ഉണ്ടായതായി കരുതുന്ന ചേര-ചോ... യുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് യുദ്ധമുറകൾ പരിശീലിപ്പിക്കുന്നതിനുവേണ്ടി കളരികളും ... രിപ്പയറ്റ് മുറകളും പ്രാചീന കേരളത്തിൽ വ്യാപകമായത്. കാസർകോഡ്, കണ്ണൂർ, കോഴിക്കോ... എന്നീ ജില്ലകളിലെ പ്രദേശങ്ങളിൽ പ്രചരിച്ച കളരി സമ്പ്രദായത്തെയാണ് വടക്കൻശൈലി ... പറയുന്നത്. തുളുനാടൻ ശൈലി ഇതിനോട് ചേർന്ന് നില്ക്കുന്നതാണ്.

ശാസ്ത്രീയമായ കളരിപ്പയറ്റ് നാലായി തിരിച്ചിരിക്കുന്നത് മൈത്തൊഴിൽ, കോൽ... അങ്കത്താരി, വെറുകൈമുറ എന്നിങ്ങനെയാണ്. വാൾ, പരിച, വടി, ഉറുമി എന്നീ ആയുധ... പയറ്റ് മുറകളാണ് പരിശീലിപ്പിക്കുക.

**15. ഗുസ്തി**

മാപ്പിളമാർക്ക് തങ്ങളുടെ പൂർവ്വികരിൽനിന്ന് ലഭിച്ച ഒരു കായികവിനോദമാണ് ഗുസ്തി. പരിശുദ്ധയുദ്ധത്തിൽ പങ്കെടുക്കാനുള്ള ആഗ്രഹത്തിൽ നബിയെ സമീപിച്ച രണ്ട് ചെറുപ്പക്കാർ തങ്ങളുടെ യോഗ്യത തെളിയിക്കുന്നതിനായി ഗുസ്തിക്ക് തയ്യാറായതായി പറയപ്പെടുന്നു. കേരളത്തിലെ മല്ലയുദ്ധ പ്രവീണരിൽ പ്രമുഖരായവർ മുസ്ലീം സമുദായത്തിലുണ്ട്.

**16. മാപ്പിള പരിചമുട്ടുകളി**

മാപ്പിള പരിചമുട്ടുകളിയിൽ പന്ത്രണ്ടുപേരെങ്കിലും കളിക്കും. ചവിട്ടുകൊടുമുക്കണി എന്ന ചുവടുവെയ്പുകളോടെയാണ് കളി ആരംഭിക്കുക. ഗുരു നടുക്കുനിന്ന് നിർദ്ദേശം കൊടുക്കും. അകവും പുറവുമുണ്ട്. അമർച്ചയും തെരുത്തും താളങ്ങളാണ്. വിരുത്തത്തോടുകൂടി കളിക്കാർ പാട്ടുപാടും. 'തെയ്താ ഈ തരികിട തിത്തൈ' എന്ന താനവട്ടവും ഉണ്ടാവും. ചെന്തമിഴ് സ്വാധീനം ഈ പാട്ടുകളിൽ കാണാം. പച്ചത്തൊപ്പി, കുപ്പായങ്ങൾ, വെള്ളി പിടിപ്പിച്ച കത്തി, പൊന്നുവള, ഉറുമി, വാൾ, പരിച തുടങ്ങിയവയെല്ലാം വേഷവിധാനങ്ങളിൽ ഉൾപ്പെടുന്നു.

**17. കുരിക്കളും കുട്ടികളും**

പതിനാറുവയസ്സിനു താഴെയുള്ള കുട്ടികളുടെ കലാരൂപമാണ് കുരിക്കളും കുട്ടികളും. കോൽക്കളിയിൽനിന്ന് ഉരുത്തിരിഞ്ഞുവന്നതാണ് ഈ കലാരൂപമെന്ന് കരുതുന്നു. കുരിക്കൾ കുട്ടികളോടൊപ്പം ചുവടുകൾക്കും ചലനങ്ങൾക്കും ആധാരമായ വായ്ത്താരികൾ ചൊല്ലിക്കൊടുത്ത് കളിക്കുന്നു. കളിക്കാരുടെ അരയിൽ കിങ്ങിണികൾ കാണാം. മാപ്പിളപ്പാട്ടുകളാണ് ഇതിൽ ഉപയോഗിക്കുന്നത്.

**18. കുരു കുരുമെച്ചം**

പെൺകുട്ടികൾ രണ്ടുചേരിയായി നിന്ന് പെരുന്നാളിനും മറ്റും പാടിക്കളിക്കുന്ന കുരു കുരുമെച്ചം ഓണക്കളിക്ക് സമാന്തരമായി ഉണ്ടായതായി കരുതപ്പെടുന്നു. കൈകൾ അന്യോന്യം ചുമലിൽ ചേർത്ത്, നിരന്ന് നിന്ന് മുമ്പോട്ടും പിമ്പോട്ടും നടന്നാണ് ഈ കളി. ഒരു ചേരിക്കാർ മുന്നോട്ടുവന്ന് ചോദിക്കുമ്പോൾ പെണ്ണുണ്ടെന്ന് പറഞ്ഞ് മറ്റേ ചേരിക്കാർ കയറിവരുന്നു. അതിനുശേഷം പെണ്ണിനെയും പണ്ടത്തെയും മാരനെയും പറ്റിയുമുള്ള അന്വേഷണങ്ങളായി. നൃത്തവുമായി ബന്ധപ്പെട്ട കലാരൂപമാണിത്.

**19. കത്തുപാട്ടുകൾ**

വടക്കെ ഇന്ത്യയിലെ കവാലിയുമായി ബന്ധമുണ്ടെന്നു പറയുന്ന കത്തുപാട്ടുകൾ കത്തിന്റെയും മറുപടിയുടെയും രൂപത്തിലുള്ളതാണ്. രണ്ടു സംഘമായി പിരിഞ്ഞിരുന്നാണ് പാട്ടുകൾ അവതരിപ്പിക്കുക. പുലിക്കോട്ടിൽ ഹൈദർ, മഹാകവി മോയിൻകുട്ടി വൈദ്യർ, ചാക്കീരി മൊയ്തീൻ കുട്ടി തുടങ്ങിയവരെല്ലാം ഈ രംഗത്ത് പ്രശസ്തരാണ്.

**20. മാപ്പിളപ്പാട്ട്**

അറബിമലയാളഭാഷയിൽ മലബാറിലെ നാടൻപാട്ടുകളും അറബിബൈത്തുകളും കൂടിച്ചേർന്ന് ഉണ്ടായ മാപ്പിളപ്പാട്ടുകൾ എന്ന ഗാനശാഖ മിക്ക മാപ്പിളകലകളുടെയും അടിസ്ഥാനമാണ്. മാപ്പിളപ്പാട്ടിന്റെ തുടക്കം 'മാല'പ്പാട്ടുകളാണ്. അവ കീർത്തനങ്ങളോ സ്തുതികളോ ആണ്. മതാചാര്യന്മാരെയും മഹാത്മാക്കളേയും പ്രകീർത്തിച്ചുകൊണ്ടുള്ള മദ്ഹ് (ഭക്തി) പാട്ടുകളായിരുന്നു ഇവ. ഭക്തിയാണ് ഇതിന്റെ മുഖമുദ്ര. മാപ്പിളപ്പാട്ടുകളിലെ പ്രധാന പ്രാസങ്ങൾ കമ്പി, കഴുത്ത്, വാൽകമ്പി, വാലിൻമേൽകമ്പി തുടങ്ങിയവയാണ്. പാട്ടിലെ ആദ്യാക്ഷരങ്ങൾ ഒരേപോലെ വരുന്നതാണ് 'കമ്പി'. കമ്പി ദീക്ഷിച്ച രണ്ടു ഖണ്ഡങ്ങളെ ഒരു മൊഴിയായി കരുതി നാലു മൊഴികളുടെ ഒന്നാം പാദത്തിൽ ഒരു ദ്വിതീയാക്ഷരം ദീക്ഷിയ്ക്കുന്നതാണ് കഴുത്ത്. ഭാഷാകവിതകളിലെ അന്താദിപ്രാസത്തോട് സാമ്യമുള്ളതാണ് വാലുമ്മേൽ കമ്പി. ഓരോ മൊഴിയിലെയും ഈ രണ്ടു ചീറുകളിലുള്ള അന്ത്യാക്ഷരപ്രാസമാണ് വാൽക്കമ്പി. പടപ്പാട്ട്, കിസ്സപ്പാട്ട്, മംഗലപ്പാട്ട്, മദഹ്പാട്ട്, താലോലപ്പാട്ട്, ഉപദേശപ്പാട്ട്, മാലപ്പാട്ട് തുടങ്ങി നിരവധി ശാഖകൾ മാപ്പിളഗാനസാഹിത്യത്തിലുണ്ട്.

ഒട്ടുമിക്ക മാപ്പിളകലകളിലും മാപ്പിളപ്പാട്ടുകൾ ധാരാളമായി ഉപയോഗിക്കുന്നു. ഒപ്പന, വട്ടപ്പാട്ട്, മൈലാഞ്ചിപ്പാട്ട്, ദഫ്മുട്ട്, കോൽക്കളി, കോളാമ്പിപ്പാട്ട് എന്നിവയ്ക്കൊക്കെ ഈ ഗാനങ്ങൾ ഉപയോഗിച്ചുവരുന്നു.



CamScanner

**21. ബൈത്ത്**

പൂർണ്ണമായി അറബിത്തറവാടിത്തം അവകാശപ്പെടാവുന്ന ഒരു ഗാനരീതിയാണ് ... പൊതുചടങ്ങുകളിലും ഗാർഹിക ആഘോഷങ്ങളിലും പുരുഷന്മാരായ ഗായകർ സംഘം ... ബൈത്ത് ആലപിക്കുന്നു. സംഘത്തിന് നേതൃത്വം നൽകുന്ന ഉസ്താദ് സ്വാഗതമായി ... ചൊല്ലി, ബൈത്ത് ആരംഭിക്കുന്നു. സംഘാംഗങ്ങൾ ഏറ്റുപാടുന്നു. നശീത, ശാദുലി, ഹദ്ദാ... ങ്ങനെയാണ് ബൈത്തിന്റെ പ്രധാന വിഭജനം. ഹളറമൗത്തിലെ ഒരു പട്ടണമായ ത്രീമ... തങ്ങന്മാരും അല്ലാത്തവരും വ്യാപാരത്തിനും മതപ്രചാരണത്തിനും വേണ്ടി നൂറ്റാണ്ടുകൾക്... കൊയിലാണ്ടിയിൽ വരികയും അവരിൽ പലരും അവിടെ താമസമുറപ്പിക്കുകയും ചെയ്ത... രിൽനിന്നാണ് ബൈത്ത് എന്ന കലാരൂപം ഉണ്ടായത്. അതുകൊണ്ടാണ് ഹളറവി എന്ന ... യത്. അലി ബസ്ക്കുരാൻ ആണ് ഈ പ്രസ്ഥാനത്തിന് പ്രചാരം നേടിക്കൊടുത്തത്. 1935 ൽ ... യൂസഫ് സേട്ട് ആണ് താളക്കട്ടകളോടുകൂടിയ ബൈത്ത് ആലാപം സംവിധാനം ചെയ്തത്. ... ത്തിൽ ബൈത്തു പ്രസ്ഥാനം വ്യാപിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് ഹുസൈൻ മുസ്ലി... മകൻ അബ്ദുറഹിമാനാണെന്ന് പറയപ്പെടുന്നു.

**22. വട്ടപ്പാട്ട്**

ഒപ്പനയ്ക്ക് സമാനമായ ഒരു മാപ്പിള കലാരൂപമാണ് വട്ടപ്പാട്ട്. കല്യാണവുമായി ബന്ധ... ആളുകൾ കൂടിയിരുന്ന് സന്തോഷം പ്രകടിപ്പിക്കാനായി ചൊല്ലിയിരുന്ന പാട്ടാണ് വട്ടപ്പാട്ട്. മ... ട്ടിയുടെ വീട്ടിലേക്ക് കല്യാണച്ചെക്കനെ ആനയിക്കുന്നതുമുതൽ പെൺവീട്ടുകാരുമായുള്ള സ... ത്തിന്റെ അവസാനം ഒത്തുതീർപ്പിലെത്തുന്നതുവരെയാണ് വട്ടപ്പാട്ടിന്റെ ഘടന. പരമ്പരാഗ... യിൽ ഒരുമണിക്കൂർ സമയമെടുത്താണ് വട്ടപ്പാട്ട് അവതരിപ്പിച്ചിരുന്നത്.

**23. മോത്തളംപാട്ട്**

മലബാറിലെ മുസ്ലീംസമുദായങ്ങളിൽ നിലനിന്നിരുന്ന ഒരു പ്രാചീന കലാരൂപമാണ് മോ... ളംപാട്ട്. പൊന്നാനിക്കാരനായ ഉദുമൻ മാഷാണ് ഇത് രൂപകല്പന ചെയ്തത്. വിവാഹദിനത്ത... മണവാളനെ പന്തലിൽ ഇരുത്തി ക്ഷൗരം ചെയ്യുന്നു. ഈ സമയത്ത് കൂട്ടുകാർ ചുറ്റുംകൂടി കൈകൊ... പാടുന്നതാണ് മോത്തളംപാട്ട്. ക്ഷൗരം ചെയ്യാൻ വരുന്ന ഒസ്സാന് (ബാർബർക്ക്) തുണി, ... വെറ്റില, അടക്ക എന്നിവയടങ്ങുന്ന പാരിതോഷികം ഒരു താലത്തിൽവെച്ച് നൽകുന്നു.

**24. ബദ്റും ഉഹ്ദും ഖിസ്സ പാടിപ്പറയൽ**

കഠിനമായ മാപ്പിളകാവ്യങ്ങൾ സാധാരണക്കാർക്ക് മനസ്സിലാവും വിധം കഥ ചേർത്ത് അർ... വെച്ചുപാടുന്ന രീതിയാണിത്. ഇസ്ലാമിക ചരിത്ര കഥാകഥനമാണിത്. കഥപറയൽ, പാട്ടുപാ... രീതി എന്നിവ മോയിൻകുട്ടി വൈദ്യരുടെ പടപ്പാട്ടുകളെയും ഇശലുകളെയും ജനകീയമാക്... തിൽ പ്രധാന പങ്കുവഹിച്ചു. ഖിസ്സ പാടിപറയുന്നതിൽ മതപ്രഭാഷണത്തിന്റെയും, പാട്ടിന്റെ... താളമുണ്ട്.

**25. മാപ്പിളത്തെയ്യങ്ങൾ**

വടക്കേമലബാറിലെ തെയ്യക്കോലങ്ങളിൽ മാപ്പിളത്തെയ്യങ്ങളുണ്ട്. മൺമറഞ്ഞ ഭക്ത... ഒരു മുസ്ലീംസ്ത്രീയായിരുന്നു അരുംപൂക്കുത്തി. മരക്കലത്തിലാണവർ മലയാളത്തിലെത്തിയ... തോറ്റത്തിൽ പാടുന്നു. ആ മരക്കലത്തിന്റെ കപ്പിത്താനായിരിന്നു ബപ്പൂരിയൻ. കേരളത്തിലെ മു... ങ്ങളുടെ ഉത്ഭവത്തെ സംബന്ധിച്ച ചരിത്രത്തോടും ബന്ധപ്പെട്ടാണ് അരുംപൂക്കണി എന്ന ... ത്തിന്റെ ഐതിഹ്യം നിലനില്ക്കുന്നത്. അരുംപൂങ്കണി, ബപൂരിയൻ, ആലിതെയ്യം, നെയ്ത്തിയ... ആലിച്ചാമുണ്ഡി, മുക്രിപ്പോക്കർ തുടങ്ങിയ മാപ്പിളത്തെയ്യങ്ങളും കേരളസംസ്കാരത്തിൽനിന്ന് ... ത്തിരിഞ്ഞുവന്നതാണ്. ഓരോ മാപ്പിളത്തെയ്യവും രൂപപ്പെട്ടത് പരേതാരാധനയുടെയും വീരാ... നയുടെയും അടിസ്ഥാനത്തിലാണ്. വേഷംകൊണ്ടുഭാഗികമായും ഭാഷയും അനുഷ്ഠാനങ്ങ... കൊണ്ടു പൂർണ്ണമായും ഈ തെയ്യങ്ങൾ മാപ്പിളമാരാണ്.

CamScanner

**ഉപസംഹാരം:**

ഇസ്ലാമിക സംസ്കൃതിയുടെ ഈടുവയ്പുകളാണ് മാപ്പിളക്കലകൾ. മലബാറിലെ മുസ്ലീംസമുദായത്തിന്റെ സൗന്ദര്യസങ്കല്പങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അടിയുറച്ചാണ് മാപ്പിളക്കലകൾ വളർന്നുവികസിച്ചത്. കേരളത്തിന്റെ വ്യത്യസ്ത കലാപാരമ്പര്യങ്ങളിൽനിന്നും നിരവധി അംശങ്ങൾ സ്വീകരിച്ച് തികച്ചും കേരളീയതയെ ഉൾക്കൊണ്ടാണ് മാപ്പിളക്കലകൾ വളർന്ന് വികാസം പ്രാപിച്ചത്. മതാചാരങ്ങളും ജീവിതസാഹചര്യങ്ങളും ഗാർഹിക ആഘോഷങ്ങളും വിനോദരീതികളുമെല്ലാം മാപ്പിളക്കലകൾക്ക് സാമൂഹികമാനം പകരുന്നുണ്ട്. മാപ്പിളക്കലകളുടെ ഒരു പ്രധാന സവിശേഷത സ്ത്രീയും പുരുഷനും ഇടകലർന്ന ഒരു കലാരൂപവും ഇല്ല എന്നുള്ളതാണ്.

സാമുദായിക സമുദ്ധാരണത്തിനും ആത്മീയകെട്ടുറപ്പിനും സഹായിക്കുന്ന ചാലകശക്തിയായാണ് മുസ്ലീംകലകൾ നിലകൊള്ളുന്നത്. അവ മാപ്പിള സമൂഹത്തിന്റെ ജീവിതതാളം തന്നെയായിരുന്നു. മാപ്പിളത്തനിമയുടെ സൗന്ദര്യവും വിശ്വാസത്തിന്റെ ആഴവും പ്രാദേശികസംസ്കാരത്തിന്റെ ചലനാത്മകതയും മാപ്പിളക്കലകളെ ഊർജ്ജസ്വലമാക്കി. പാട്ടും കളിയും ഊടും പാവുമെന്നപോലെ മാപ്പിളക്കലകളിൽ കാണാം. സംഗീതത്തിന്റെ താളക്രമമാണ് മിക്ക മാപ്പിളകലാരൂപങ്ങളുടെയും അന്തർധാര. അന്യസംസ്കാരങ്ങളിൽനിന്ന് മുസ്ലീംസമുദായത്തിലേക്ക് മതം മാറി എത്തിയവരും സഹവാസത്തിലൂടെ അന്യസംസ്കാരങ്ങൾ ഉൾക്കൊണ്ട മുസ്ലീംജനതയും അറേബ്യപോലുള്ള വിദേശനാടുകളുമായുള്ള സമ്പർക്കം സൂക്ഷിക്കുന്ന മുസ്ലീം സമൂഹവുമൊക്കെ മാപ്പിളക്കലകളിൽ വിവിധ സംസ്കാരങ്ങളുടെ സങ്കലനത്തിന് കാരണഭൂതരായി.

**അടിക്കുറിപ്പുകൾ:**

1. ഫോക്‌ലോറിന്റെ കൈവഴികൾ, പുറം 55, 2004.
2. മുസ്ലിമിങ്ങളും കേരളസംസ്കാരവും, പുറം 313, 1982.
3. മാപ്പിളശൈലി, പുറം 61, 1994.
4. കേരളീയ കലാനിഘണ്ടു, പുറം 45, 2012.
5. മുസ്ലിമിങ്ങളും കേരളസംസ്കാരവും, പുറം 318, 1982.
6. ടി പുറം.

**സഹായകഗ്രന്ഥങ്ങൾ:**


1. കർത്താ പി.സി., ആചാരാനുഷ്ഠാനകോശം, ഡി. സി. ബുക്സ്, കോട്ടയം: 1998.
2. നമ്പൂതിരിപ്പാട് ഇ.എം.എസ്., കേരളം മലയാളികളുടെ മാതൃഭൂമി, കറന്റ് ബുക്സ്, തൃശൂർ: 1964.
3. നമ്പ്യാർ എ.കെ., വടക്കൻപെരുമ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2013.
4. മുഹമ്മദ് കുഞ്ഞി പി.കെ., മുസ്ലിമിങ്ങളും കേരളസംസ്കാരവും, കേരള സാഹിത്യ അക്കാദമി, തൃശൂർ: 1992.
5. ലത്തീഫ് എൻ. കെ. എ., മാപ്പിളശൈലി, നമസ്കാര പബ്ലിക്കേഷൻസ്, കൊച്ചി: 1994.
6. വിദ്യാസാഗർ കെ., (ജന.എഡിറ്റർ), നമ്മുടെ സംസ്കാരം, ഡി. സി. ബുക്സ്, കോട്ടയം: 2011.
7. വിഷ്ണുനമ്പൂതിരി എം.വി., (ജന.എഡി.) ഫോക്‌ലോറിന്റെ കൈവഴികൾ, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ: 2004.
8. ശശിധരൻ ക്ലാരി, കേരളീയ കലാനിഘണ്ടു, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്: 2012.




CamScanner